# പതിമൂന്നാം കേരളനിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3868 — 27/06/2012 ൽ മറുപടിക്ക്

### ആർ.സി.സി യുടെ വികസനം

**ചോദ്യം** — **മറുപടി**

ശ്രീ. എം.പി.വിൻസെന്റ്

ശ്രീ. വി.എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും
ദേവസ്വവും വകുപ്പ് മന്ത്രി)

---

| | | | |
|---|---|---|---|
| (എ) | കേരളത്തിലെ അർബുദ ബാധിതരുടെ എണ്ണം വർദ്ധിക്കുന്നതിനനുസരിച്ച് ആർ.സി.സി യിൽ ഡോക്ടർമാരുടെയും പാരാമെഡിക്കൽ ജീവനക്കാരുടെയും എണ്ണം വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ; | (എ) | ആർ.സി.സി ഇതുമായി ബന്ധപ്പെട്ടു സമർപ്പിച്ച പ്രൊപ്പോസലുകൾ പരിശോധിച്ച് നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ആർ.സി.സി യിലെ അടിസ്ഥാന സൌകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) & (സി) | ആർ.സി.സി.യിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 1.15 ലക്ഷം sq.ft വിസ്തീർണ്ണമുള്ള ഒരു 10 നില കെട്ടിടത്തിന്റെ പണിപുരോഗമിച്ചു വരുന്നു. ഇത് പൂർത്തിയാകുന്ന മുറയ്ക്ക് ആർ.സി.സി. നേരിടുന്ന പ്രധാന പ്രതിസന്ധിയായ സ്ഥലപരിമിതിക്ക് പരിഹാരമുണ്ടാകും. റേഡിയേഷൻ ചികിത്സയ്ക്കുള്ള കാലതാമസം ഒഴിവാക്കുന്നതിനുവേണ്ടി നിലവിലുള്ള നാല് ലീനിയർ ആക്സിലറേറ്റർ കൂടാതെ ഒരെണ്ണം കൂടി സ്ഥാപിക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു. കൂടാതെ നാല് പുതിയ ഓപ്പറേഷൻ തിയേറ്ററുകൾ കൂടി സജ്ജീകരിക്കുന്ന നടപടി ആരംഭിച്ചിട്ടുണ്ട്. ഇത്മൂലം ചികിത്സാ സംവിധാനങ്ങൾ വിപുലപ്പെടുത്തുന്നതിനും രോഗികൾക്ക് ചികിത്സയ്ക്ക് നേരിടുന്ന കാലതാമസം പരിഹരിക്കുന്നതിനും സാധിക്കുന്നതാണ്. |
| (സി) | ആർ.സി.സി.യിൽ ഇന്ന് നേരിടുന്ന പ്രധാന പ്രതിസന്ധികൾ എന്തെല്ലാം; ആയതിന് എന്തെല്ലാം പരിഹാര നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ